# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

13.06.2012 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: * 78

## കെ.ടി.ഡി.സി.യുടെ ടൂറിസം വികസന പദ്ധതികൾ

**ചോദ്യം**

ശ്രീ. എ.റ്റി. ജോർജ്
,, പാലോട് രവി
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

**ഉത്തരം**

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് ടൂറിസം വികസനത്തിനും, വൈവിധ്യ വത്ക്കരണത്തിനും കെ.ടി.ഡി.സി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(എ) സംസ്ഥാനത്തെ ടൂറിസം വികസനത്തിന്റെ ഭാഗമായി കെ.ടി.ഡി.സി. താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

1) ഇന്ത്യയിലെ ആദ്യത്തെ ഇന്റർനാഷണൽ മറീന കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിന്റെ കിഴക്ക് 'ബോൾഗാട്ടി പാലസിന്റെ' സമീപത്തായി കെ.ടി.ഡി.സി.യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. കൊച്ചി മറീനയിൽ അന്തർദേശീയ ലക്ഷ്വറി യാനങ്ങൾക്ക് പാർക്കു ചെയ്യുന്നതിന് സൗകര്യങ്ങളാണുള്ളത്. ഒരേ സമയം 34 യാനങ്ങൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനൊപ്പം അതിലെ മാലിന്യം നീക്കം ചെയ്യുക, ശുദ്ധജലം, വൈദ്യുതി എന്നിവ നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക എന്നീ സൗകര്യങ്ങളാണ് കൊച്ചിയിലെ മറീനയിലുള്ളത് ഇതിനോടനുബന്ധമായി 24 മുറികളുള്ള 'മറീന ഹൗസ്' എന്ന ഹോട്ടൽ യാനങ്ങളിൽ വരുന്ന സഞ്ചാരികൾക്ക് താമസിക്കാനും

അവിടുത്തെ ഹെൽത്ത് ക്ലബ്ബ്, റിക്രിയേഷൻ ക്ലബ്ബ്, ഗോൾഫ് കോഴ്സ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്.

2)കുമരകത്ത് കെ.ടി.ഡി.സി ഹോട്ടലായ വാട്ടർ സ്കെയ്പ്സിന് സമീപത്തായി കെ.ടി.ഡി.സി.യുടെ ആഭിമുഖ്യത്തിൽ ഒരു പക്ഷി സങ്കേതമുണ്ട്. സഞ്ചാരികൾക്ക് പക്ഷികളെയും മറ്റ് ജീവജാലങ്ങളെയും അവയുടെ തനതായ ആവാസ വ്യവസ്ഥയിൽ മനസ്സിലാക്കാൻ ഉതകുന്ന രീതിയിലാണ് ഇവ പ്രവർത്തിച്ചു വരുന്നത്. ഇവിടെ പക്ഷികളെക്കുറിച്ചുള്ള വീഡിയോ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയ സൗകര്യങ്ങളോടെയുള്ള ഒരു വിവരണ കേന്ദ്രവും (Bird Interpretation Centre) പക്ഷികളെ അടുത്തറിയുന്നതിനുള്ള മൂന്നു നിരീക്ഷണ ഗോപുരങ്ങളും സഞ്ചാരികൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം 'വാട്ടർ സ്കേയ്പ്സിന്റെ' അടിസ്ഥാന സൗന്ദര്യവൽക്കരണവും നടത്തിയിട്ടുണ്ട്.

3) ബഡ്ജറ്റ് ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് കെ.ടി.ഡി.സി. ബഡ്ജറ്റ് ഹോട്ടലുകളായ 'യാത്രിനിവാസുകളെ' നവീകരിച്ച് 'ടാമറിന്റ് ഹോട്ടലുകളായി' പുനർ നാമകരണം ചെയ്ത് വെബ്സൈറ്റുകളിലൂടെയും ട്രാവൽ ഏജൻസികൾ മുഖേനയും വിപണനം ചെയ്യുന്നുണ്ട്. കെ.ടി.ഡി.സി യുടെ ബഡ്ജറ്റ് ഹോട്ടലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഡിസ്ക്കവർ കേരള പാക്കേജ്, പിൽഗ്രിം പാക്കേജ് എന്നീ പാക്കേജ് ടൂറുകളും നടപ്പിലാക്കിയിട്ടുണ്ട്. വികസിച്ചതും/ വികസിക്കുന്നതുമായ

ടൂറിസ്റ്റ് കേന്ദ്രങ്ങളിലും , സാദ്ധ്യതയുള്ള അവികസിത ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹോട്ടലുകൾ/റിസോർട്ടുകൾ/ലഘുഭക്ഷണ ശാലകൾ/ ബോട്ടിംഗ് സൗകര്യങ്ങൾ എന്നിവ ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് നടത്തുന്നുണ്ട്.

4) കേരളത്തിലെത്തുന്ന സഞ്ചാരികളുടെ സൗകര്യാർത്ഥം കെ.ടി.ഡി.സി.യുടെ തിരുവനന്തപുരത്തെയും കൊച്ചിയിലെയും ടൂറിസ്റ്റ് റിസപ്ഷൻ കേന്ദ്രങ്ങൾ വഴി വിവിധ കണ്ടക്ടഡ് ടൂർ സർവ്വീസുകളും നടത്തുന്നുണ്ട്. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി പ്രീമിയം ബഡ്ജറ്റ് ടൂർ പാക്കേജുകൾ നടത്തുന്നുണ്ട്. ഈ പാക്കേജുകൾ താമസം, രണ്ടുനേരം ഭക്ഷണം, യാത്ര, sight seeing തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നടത്തുന്നത്.

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിച്ചെടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. എന്നിരുന്നാലും സുപ്രധാന ടൂറിസം കേന്ദ്രത്തിലേയ്ക്കുള്ള റോഡ് എന്ന രീതിയിൽ ടൂറിസം വകുപ്പ് ടി വകുപ്പുകൾ മുഖേന അത്യാവശ്യ ഘട്ടങ്ങളിൽ ചില റോഡ് നിർമ്മാണങ്ങൾക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻവർഷങ്ങളിൽ നബാർഡിന്റെ RIDF പദ്ധതിയിൽപ്പെടുത്തി ഇത്തരം ചില പ്രധാന ടൂറിസം റോഡുകളുടെ നിർമ്മാണം ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്.

പ്രധാനപ്പെട്ട വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഗുണനിലവാര-മുള്ള റോഡുകൾ തയ്യാർ ചെയ്യുന്നതിനുള്ള പദ്ധതി നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ പരാമർശിക്കുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ടൂറിസം മന്ത്രി ഉപാധ്യക്ഷനായും ഒരു ക്യാബിനറ്റ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് അഡ്വെഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കി യിട്ടുണ്ടോ; എങ്കിൽ എവിടെയെ-ല്ലാമാണ് ?

(സി) ഉണ്ട്. ഇടുക്കി ജില്ലയിലെ വാഗമൺ, മൂന്നാർ കോട്ടയം ജില്ലയിലെ കിഴക്കൻ മലയോര പ്രദേശങ്ങളായ ഇലവീഴാ പൂഞ്ചിറ, ഇല്ലിക്കൽ, അയ്യൻപാറ തുടങ്ങിയ സ്ഥലങ്ങളിൽ അഡ്വെഞ്ചർ ടൂറിസം പദ്ധതി നടപ്പിലാക്കുന്നുണ്ട്.

ഇതു കൂടാതെ സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡു വരെയുള്ള വിവിധ വനപ്രദേശങ്ങളിൽ ട്രെക്കിംഗ്, റോക്ക് ക്ലയ്മ്പിംഗ്, റാഫ്ടിംങ്, വൈൽഡ് ലൈഫ് സഫാരി തുടങ്ങി വിവിധ തരത്തിലുള്ള സാഹസിക വിനോദ സഞ്ചാര ഉപാധികൾ നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ തെന്മല ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് അഡ്വഞ്ചർ ടൂറിസത്തിനായി ഒരു മേഖല തന്നെ നീക്കി വച്ച് അഡ്വഞ്ചർ ടൂറിസം നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

# വിശദീകരണക്കുറിപ്പ്

സംസ്ഥാനത്തെ ടൂറിസം വികസനത്തിന്റെ ഭാഗമായി കെ.ടി.ഡി.സി ഇന്ത്യയിലെ ആദ്യത്തെ ഇന്റർനാഷണൽ മറീന കൊച്ചിയിലെ ബോൾഗാട്ടി ദ്വീപിന്റെ കിഴക്ക് ബോൾഗാട്ടി പാലസിന്റെ സമീപത്തായി കെ.ടി.ഡി.സി.യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്നു. കൊച്ചി മറീനയിൽ അന്തർദേശീയ ലക്ഷ്വറി യാനങ്ങൾക്ക്പാർക്കു ചെയ്യുന്നതിനുള്ള സൗകര്യങ്ങളാണുള്ളത്. ഒരേ സമയം 34 യാനങ്ങൾക്ക് സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനുള്ള സൗകര്യമുണ്ട്. യാനങ്ങൾ സുരക്ഷിതമായി പാർക്കു ചെയ്യുന്നതിനൊപ്പം അതിലെ മാലിന്യം നീക്കം ചെയ്യുക, ശുദ്ധജലം, വൈദ്യുതി എന്നിവ നിറയ്ക്കുക, അത്യാവശ്യ അറ്റകുറ്റ പണികൾ ചെയ്യുക എന്നീ സൗകര്യങ്ങളാണ് കൊച്ചിയിലെ മറീനയിലുള്ളത്. ഇതിനോടനുബന്ധമായി 24 മുറികളുള്ള 'മറീന ഹൗസ്' എന്ന ഹോട്ടൽ യാനങ്ങളിൽ വരുന്ന സഞ്ചാരികൾക്ക് താമസിക്കാനും അവിടുത്തെ ഹെൽത്ത് ക്ലബ്ബ്, റിക്രിയേഷൻ ക്ലബ്ബ്, ഗോൾഫ് കോഴ്സ്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള സൗകര്യങ്ങൾ ചെയ്തിട്ടുണ്ട്. കുമരകത്ത് കെ.ടി.ഡി.സി ഹോട്ടലായ 'വാട്ടർ സ്കെയ്പ്സിന്' സമീപത്തായി ഒരു പക്ഷി സങ്കേതമുണ്ട്. ഇവിടെ പക്ഷികളെക്കുറിച്ചുള്ള വീഡിയോ, ഫോട്ടോഗ്രാഫുകൾ തുടങ്ങിയ സൗകര്യങ്ങളോടെയുള്ള ഒരു വിവരണ കേന്ദ്രവും (Bird Interpretation Centre) പക്ഷികളെ അടുത്തറിയുന്നതിനുള്ള മൂന്നു നിരീക്ഷണ ഗോപുരങ്ങളും സഞ്ചാരികൾക്ക് വേണ്ടി സജ്ജീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം 'വാട്ടർ സ്കേയ്പ്സിന്റെ' അടിസ്ഥാന സൗന്ദര്യവൽക്കരണവും നടത്തിയിട്ടുണ്ട്. ബഡ്ജറ്റ് ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് കെ.ടി.ഡി.സി. ബഡ്ജറ്റ് ഹോട്ടലുകളായ 'യാത്രിനിവാസുകളെ' നവീകരിച്ച് 'ടാമറിന്റ് ഹോട്ടലുകളായി' പുനർ നാമകരണം ചെയ്ത് വെബ്സൈറ്റുകളിലുടെയും ട്രാവൽ ഏജൻസികൾ മുഖേനയും വിപണനം ചെയ്യുന്നുണ്ട്. കെ.ടി.ഡി.സിയുടെ ബഡ്ജറ്റ് ഹോട്ടലുകളെ ബന്ധിപ്പിച്ചുകൊണ്ട് ഡിസ്കവർ കേരള പാക്കേജ്, പിൽഗ്രിം പാക്കേജ് എന്നീ പാക്കേജ് ടൂറുകളും നടപ്പിലാക്കിയിട്ടുണ്ട്. വികസിച്ചതും/ വികസിക്കുന്നതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളിലും, സാദ്ധ്യതയുള്ള അവികസിത ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഹോട്ടലുകൾ/റിസോർട്ടുകൾ/ലഘുഭക്ഷണശാലകൾ/ ബോട്ടിംഗ് സൗകര്യങ്ങൾ ടൂറിസ്റ്റുകളെ ഉദ്ദേശിച്ച് നടത്തുന്നുണ്ട്. കേരളത്തിലെത്തുന്ന സഞ്ചാരികളുടെ സൗകര്യാർത്ഥം കെ.ടി.ഡി.സി.യുടെ തിരുവനന്തപുരത്തെയും കൊച്ചിയിലേയും ടൂറിസ്റ്റ് റിസപ്ഷൻ കേന്ദ്രങ്ങൾ വഴി വിവിധ കണ്ടക്ടഡ് ടൂർ സർവ്വീസുകളും പ്രീമിയം ബഡ്ജറ്റ് ടൂർ പാക്കേജുകളും നടത്തുന്നുണ്ട്. വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധപ്പെടുത്തി ഈ പാക്കേജുകൾ താമസം, രണ്ടുനേരം ഭക്ഷണം, യാത്ര, sight seeing തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നടത്തുന്നത്.

ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ഗുണനിലവാരമുള്ള റോഡുകൾ വികസിപ്പിക്കുന്നത് സംസ്ഥാന പൊതുമരാമത്ത് വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. എന്നിരുന്നാലും സുപ്രധാന ടൂറിസം കേന്ദ്രത്തിലേയ്ക്കുള്ള റോഡ് എന്ന രീതിയിൽ ടൂറിസം വകുപ്പ് ടി സ്ഥാപനങ്ങൾ വഴി അത്യാവശ്യഘട്ടങ്ങളിൽ റോഡ് നിർമ്മാണ ത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം ഇപ്പോൾ ഇത്തരം റോഡ് വികസന പദ്ധതികൾ ടൂറിസം വകുപ്പ് ഏറ്റെടുക്കാറില്ല. നബാർഡിന്റെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി ചില പ്രധാന ടൂറിസം റോഡുകളുടെ നവീകരണം നടപ്പിലാക്കിയിട്ടുണ്ട്. നെന്മാറ -നെല്ലിയാമ്പതി, ചാലക്കുടി - വാഴച്ചാൽ, കോട്ടയം - കുമരകം, കാലടി- മലയാറ്റൂർ, നാട്ടിക ബീച്ച് തുടങ്ങിയ റോഡുകൾ ഇവയിൽപെടുന്നു.

- പർവ്വതങ്ങളും, കുന്നുകളും, ജലാശയങ്ങളും നിറയെ ഉള്ള കേരളത്തിന്റെ ഭൂപ്രകൃതി സാഹസിക വിനോദത്തിന് ഏറ്റവും അനുയോജ്യമായതാണ്. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കരയിലും ജലത്തിലുമുള്ള സാഹസിക വിനോദയാത്ര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും സാഹസിക ടൂറിസം ഓപ്പറേറ്റർമാർക്ക് പ്രത്യേക ഇൻസന്റീവ് നൽകുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശം പുതിയ സംസ്ഥാന ടൂറിസം നടയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.
- ഗോവയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്ട്സിന്റെ സഹായത്തോടുകൂടി കേരളത്തിലെ പ്രധാനപ്പെട്ട കായലുകളിലും ബീച്ചുകളിലും ലീഷർ വാട്ടർ സ്പോട്സ് നടത്തുന്നതിനുള്ള സാധ്യതാ പഠനം നടത്തുന്നതിനുള്ള ഭരണാ നുമതി നൽകിയിട്ടുണ്ട്.
- അഡ്വഞ്ചർ ടൂറിസവുമായി ബന്ധപ്പെട്ട് താഴെപറയുന്ന വിവിധങ്ങളായ പ്രവർത്തനങ്ങൾ താഴെപറയുന്ന സ്ഥലങ്ങളിൽ നടത്തുന്നുണ്ട്.
- ട്രക്കിംഗ് കാമ്പയിൻ:- അഗസ്ത്യകൂടം, പറമ്പിക്കുളം, മൂന്നാർ, ഗവി, പെരിയാർ, സൈലന്റ്വാലി

- വൈൽഡ് ലൈഫ് സവാരി:- ഗവി, പെരിയാർ, വയനാട്, പറമ്പിക്കുളം,സൈലന്റ് വാലി, ആറളം
- ബേർഡ് വാച്ചിംഗ്:- തട്ടേക്കാട്,കുമരകം, ഇരവിപുരം,പെരിയാർ, വയനാട്
- പാരാഗ്ലൈഡിംഗ്: വാഗമൺ, വർക്കല ബീച്ച്
- സൈക്ലിംഗ്:- തട്ടേക്കാട്,മൂന്നാർ,അതിരപ്പള്ളി, വയനാട്
- സർഫിംഗ്:- കോവളം, വർക്കല, ആലപ്പുഴ
- കയാക്കിംഗ്, റാഫ്റ്റിംഗ്, കനോയിംഗ്:- ആലപ്പുഴ, തട്ടേക്കാട്,
- സംസ്ഥാനത്ത് എറണാകുളം, വയനാട് തുടങ്ങിയ ജില്ലകളിൽ സ്വകാര്യ അഡ്വഞ്ചർ ടൂറിസം ഓപ്പറേറ്റർമാരുടെ പ്രവർത്തനങ്ങളും സജീവമായി നടന്നു വരുന്നു.

കോട്ടയം ജില്ലയിലെ കിഴക്കൻ മലയോര പ്രദേശങ്ങളായ ഇലവീഴാ പൂഞ്ചിറ, ഇല്ലിക്കൽ, അയ്യൻപാറ, വാഗമൺ എന്നീ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ട്രക്കിംഗ് സർക്യൂട്ടിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കി വരുന്നു. ഇടുക്കി ജില്ലയിലെ പ്രകൃതി മനോഹരമായ വാഗമണിൽ നടത്താറുള്ള അന്താരാഷ്ട്ര പാരാഗ്ലൈഡിംഗ് മത്സരം സഞ്ചാരികൾക്ക് ഏറെ ആകർഷകമാണ്. ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി അനുവദിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലയിലെ ഇലവീഴാ പൂഞ്ചിറയുടെ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ സംതുലിത ടൂറിസം പദ്ധതി പരിപോഷിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പ്രധാന ട്രക്കിംഗ് സർക്യൂട്ട് കേന്ദ്രമായി വികസിപ്പിക്കാനുള്ള നടപടികളും തുടങ്ങി കഴിഞ്ഞു.

ഇതു കൂടാതെ സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം മുതൽ കാസർഗോഡു വരെയുള്ള വിവിധ വനപ്രദേശങ്ങളിൽ ട്രെക്കിംഗ്, റോക്ക് ക്ലൈമ്പിംഗ്, റാഫ്ടിംങ്, വൈൽഡ് ലൈഫ് സഫാരി തുടങ്ങി വിവിധ തരത്തിലുള്ള സാഹസിക വിനോദ സഞ്ചാര ഉപാധികൾ നടപ്പിലാക്കിയിട്ടുണ്ട്. കൊല്ലം ജില്ലയിലെ തെന്മല ഇക്കോ ടൂറിസം പദ്ധതി പ്രദേശത്ത് അഡ്വഞ്ചർ ടൂറിസത്തിനായി ഒരു മേഖല തന്നെ നീക്കി വച്ച് അഡ്വഞ്ചർ ടൂറിസം നടപ്പിലാക്കി വരുന്നു.